File Ref.No.159886/AD-K-ASST-3/2018/Admn

# UNIVERSITY OF CALICUT

**Abstract**

ഭരണ വിഭാഗം -വയനാട് ദുരന്തം-പെൻഷൻകാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**Ad.-K**

U.O.No. 14484/2024/Admn Dated, Calicut University.P.O, 24.09.2024

---

*Read:*-1) 29.08.2024 തീയതിയിലെ 2881217/ഫണ്ട്സ് 4/66/2024-ധന നമ്പർ കത്ത് .

2) ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.09.2024 തീയതിയിലെ E2/450/2024-HEDN നമ്പർ കത്ത് .

3) വൈസ് ചാൻസലറുടെ, ഇതേ ഫയലിലെ 23.09.2024 തീയതിയിലെ ഉത്തരവ്.

**ORDER**

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് തയ്യാറുള്ള പെൻഷൻകാർ സമർപ്പിക്കുന്ന സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകാനുദ്ദേശിക്കുന്ന തുക അവരുടെ പെൻഷനിൽ നിന്നും നിശ്ചിത തവണകളായി (പരമാവധി പത്ത് എന്ന് നിജപ്പെടുത്തി) കുറവ് ചെയ്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കാനുള്ള സൗകര്യം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന ധനകാര്യ വകുപ്പ് സൂചന (1) പ്രകാരം ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

2.ട്രഷറി വഴി അല്ലാതെ പെൻഷൻ നൽകുന്ന സർവകലാശാലാ പെൻഷൻകാർക്കും സമാനമായ രീതിയിൽ ബാധകമാക്കുന്നതിലേക്ക്, പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സൂചന (2) പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

3.ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള നിർദ്ദേശം പരിഗണിച്ചുകൊണ്ട് സൂചന (1) പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സർവകലാശാലാ പെൻഷൻകാർക്കും സമാനമായ രീതിയിൽ ബാധകമാക്കുന്നതിനായി സർവകലാശാലയിൽ നടപ്പിലാക്കുന്നതിനും, ടി കാര്യം അടുത്ത സിണ്ടിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിനും സൂചന (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവിട്ടിട്ടുണ്ട്.

4.ആയതിനാൽ, വയനാട് ദുരന്തവുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് തയ്യാറുള്ള പെൻഷൻകാർ സമർപ്പിക്കുന്ന സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകാനുദ്ദേശിക്കുന്ന തുക അവരുടെ പെൻഷനിൽ നിന്നും നിശ്ചിത തവണകളായി (പരമാവധി പത്ത് എന്ന് നിജപ്പെടുത്തി) കുറവ് ചെയ്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സർവകലാശാലാ പെൻഷൻകാർക്കും സമാനമായ രീതിയിൽ ബാധകമാക്കുന്നതിനായി , സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(പ്രസ്തുത സർക്കാർ നിർദ്ദേശങ്ങൾ അടങ്ങിയ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

Dinesh Kumar V.P

Assistant Registrar

To

ഫിനാൻസ് വിഭാഗം

പകർപ്പ് :വിസി യുടെ പി.എസ്/രജിസ്ട്രാർ,സി.ഇ,എഫ് .ഓ എന്നിവരുടെ പി .എ മാർ /ജെ.ഡി,കെ എസ് എ ഡി/ഐ.എ.ഡബ്ല്യു /സ്റ്റോക്ക് ഫയൽ

Forwarded / By Order

Section Officer

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നതവിദ്യാഭ്യാസ (ഇ) വകുപ്പ്

നമ്പർ.E2/450/2024-HEDN 09-09-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കേരള / മഹാത്മാഗാന്ധി / കാലിക്കറ്റ് / കണ്ണൂർ / കുസാറ്റ് / തുഞ്ചത്തെഴുത്തച്ഛൻ മലയാള / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പ് - CMDRF - പെൻഷനേഴ്സ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നത് - സംബന്ധിച്ച്

സൂചന:- 29.08.2024 തീയതിയിലെ 2881217/ഫണ്ട്സ് 4/66/2024-ധന നമ്പർ കത്ത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്, പെൻഷൻകാർ സമർപ്പിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ, സംഭാവന നൽകാൻ ഉദ്ദേശിക്കുന്ന തുക അവരുടെ പെൻഷനിൽ നിന്ന് നിശ്ചിത തവണകളായി (പരമാവധി 10 എന്ന് നിജപ്പെടുത്തി) കുറവ് ചെയ്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കാനുള്ള സൗകര്യം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സൂചന പ്രകാരം ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. ട്രഷറി വഴി അല്ലാതെ പെൻഷൻ നൽകുന്ന സർവ്വകലാശാലാ പെൻഷൻകാർക്കും സമാനമായ രീതിയിൽ ബാധകമാക്കുന്നതിലേക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് സൂചന കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
RAKESH S P
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Kumari Prameela S
Date: 09-09-2024 14:39:13
സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.2881217/ഫണ്ട്സ്4/66/2024-ധന

ധനകാര്യ (ഫണ്ട്സ്)വകുപ്പ്
തിരുവനന്തപുരം
തീയതി : 29/08/2024

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സർ,

**വിഷയം:-** CMDRF - സർവീസ് പെൻഷനേഴ്സ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നത് - സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിരവധിയായ സർവീസ് പെൻഷൻകാർ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് തയ്യാറാണെന്നും, ആയത് പെൻഷനിൽ നിന്ന് തവണകളായി കുറവു ചെയ്ത് അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കണമെന്നുമുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പെൻഷൻകാർ സമർപ്പിക്കുന്ന സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകാനുദ്ദേശിക്കുന്ന തുക അവരുടെ പെൻഷനിൽ നിന്നും നിശ്ചിത തവണകളായി (പരമാവധി പത്ത് എന്ന് നിജപ്പെടുത്തി) കുറവു ചെയ്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കാനുള്ള സൗകര്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ട്രഷറി വകുപ്പ് സ്വീകരിക്കേണ്ടതാണെന്നു അറിയിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പെൻഷൻകാരുടെ സമ്മതപത്ര പ്രകാരം സമ്മതിച്ചിട്ടുള്ള തുക, സമ്മതിച്ചിട്ടുള്ള കാലപരിധിയിൽ ബന്ധപ്പെട്ട ട്രഷറി ഓഫീസർ പെൻഷനിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് CMDRF - Wayanad (799011400007880) എന്ന അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

2. സംഭാവന നൽകിയ തുകയുടെ രസീത് ട്രഷറിയിൽ നിന്ന് തന്നെ നൽകേണ്ടതാണ്.

3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പെൻഷനിൽ നിന്നും സംഭാവന നൽകുന്നത് സംബന്ധിച്ച് ട്രഷറി ഓഫീസർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ട്രഷറികളിൽ സമ്മതപത്രത്തിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

4. പെൻഷൻകാരിൽ നിന്നുള്ള സമ്മതപത്രമില്ലാതെ ഒരുകാരണവശാലും അവരുടെ പെൻഷനിൽ നിന്നും ഒരു തുകയും സംഭാവനയായി കുറവു ചെയ്യുവാൻ പാടുള്ളതല്ല.

5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകാൻ ആഗ്രഹിക്കുന്ന പെൻഷൻ ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന സമ്മതപത്രം ബന്ധപ്പെട്ട ട്രഷറി ഓഫീസർമാരെ എൽപ്പിയ്ക്കേണ്ടതാണ്. പെൻഷൻകാർ ഒപ്പിട്ടു നൽകുന്ന സമ്മതപത്രത്തിലെ വിവരങ്ങൾ ശരിയാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും സമ്മതപത്ര പ്രകാരം തുക കുറവ് ചെയ്യേണ്ടതും അത്തരത്തിൽ കുറവ് വരുത്തി ദുരിതാശ്വാസനിധിയിലേക്ക് അടയ്ക്കുന്ന തുകയുടെ കണക്ക് അതാത് മാസം ക്രോഡീകരിച്ച് ധനകാര്യവകുപ്പിനെ അറിയിക്കേണ്ടതുമാണ്.

6. ബാങ്ക് വഴി പെൻഷൻ വാങ്ങുന്ന ജീവനക്കാർ സമ്മതിച്ചിട്ടുള്ള തുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിലേക്ക് സമ്മതപത്രം തൊട്ടടുത്തുള്ള ട്രഷറിയിൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥൻ പെൻഷനിൽ നിന്നും തുക കുറവുചെയ്തു CMDRF - Wayanad (799011400007880) ലേയ്ക്കു വരവുചെയ്യേണ്ടതുമാണ്.

7. മേൽ നിർദ്ദേശങ്ങൾ ട്രഷറിയിൽ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ ട്രഷറി ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട സമ്മതപത്രത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.

വിശ്വസ്തതയോടെ,
**സുരേഷ് കുമാർ ഒ ബി**
**ജോയിന്റ് സെക്രട്ടറി**
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സമ്മതപത്രം

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് .................... തുക ............ മാസ തവണകളായി എന്റെ പെൻഷനിൽ നിന്നും നൽകുന്നതിന് സമ്മതമാണെന്നറിയിക്കുന്നു.

2024 .............................. മാസത്തെ പെൻഷൻ മുതൽ.

തീയതി:

സ്ഥലം:

ഒപ്പ്:

പേര് :

പി പി ഒ നമ്പർ :

മേൽവിലാസം

ഫോൺ നം :

ട്രഷറി ഓഫീസറുടെ ഒപ്പ് , തീയതി

മുദ്ര